LIBRARY ARCHIVES Kerala Legislative Assembly

കൺസ്യൂമർഫെഡിലെ അഴിമതി

120(2321) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കൺസ്യൂമർ ഫെഡിലെ അഴിമതി ആരോപണങ്ങളെ തുടർന്ന് വിജിലൻസ് ഉൾപ്പെടെ അന്വേഷണങ്ങൾ നേരിടുന്ന ഉദ്യോഗസ്ഥർ ആരെല്ലാം; നിലവിൽ ഇവർ എവിടെയെല്ലാം ജോലി നോക്കി വരുന്നു; വിശദമാക്കുമോ;

(ബി) വിജിലൻസ് അന്വേഷണങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് കോടതികളിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കെല്ലാം ഈ സർക്കാർ സ്ഥാനക്കയറ്റം നൽകിയെന്നും എപ്രകാരമുള്ള സ്ഥാനക്കയറ്റമാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) കൺസ്യൂമർ ഫെഡ് നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; പ്രസ്തുത സ്ഥാപനത്തിന്റെ ഒരു മാസത്തെ ശരാശരി വരവ് ചിലവ് കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ. റിജി ജി. നായർ, ഫെഡറേഷനിലെ ജീവനക്കാരായ ശ്രീ. ആർ. ജയകുമാർ, ശ്രീ. എം. ഷാജി, ശ്രീ. സ്വീഷ് സുകുമാരൻ, ശ്രീ. ഷാജു. കെ എന്നിവർ വിജിലൻസ് അന്വേഷണം നേരിടുന്നു. ശ്രീ. എം. ഷാജി ഒഴികെയുള്ള മറ്റ് ജീവനക്കാർ സസ്പെൻഷനിലാണ്. ശ്രീ. എം. ഷാജി പത്തനംതിട്ട റീജിയണൽ ഓഫീസിൽ ജോലി ചെയ്തുവരുന്നു.

(ബി) വിജിലൻസ് അന്വേഷണങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളതായ റിപ്പോർട്ടുകൾ ഒന്നുംതന്നെ സഹകരണ വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കുംതന്നെ സ്ഥാനക്കയറ്റം നൽകിയിട്ടില്ല

(ഡി) നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിന്റെ ഒരു മാസത്തെ ശരാശരി വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു:

വരവ്	ചെലവ്
21,64,40,874.69	353358036.54
21.64 കോടി രൂപ	35.33 കോടി രൂപ